**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2510** **15-10-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി കുടിശിക ഈടാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലയളവിലും നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷവും വൈദ്യുതി കുടിശികയിനത്തിൽ വൻ തുക അടയ്ക്കാനുള്ള സർക്കാർ ഓഫീസുകളും പൊതുമേഖലാ സ്ഥാപനങ്ങളും ഏതൊക്കെയാണെന്നും എത്ര തുക കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | മുൻ സർക്കാരിന്റെ കാലയളവിലും നിലവിലെ സർക്കാരിന്റെ കാലയളവിലും വൻ കുടിശ്ശിക വരുത്തിയ സംസ്ഥാന സർക്കാർ സ്ഥാപനം പോലീസ് വകുപ്പും സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരളാ വാട്ടർ അതോറിറ്റിയുമാണ്. 12.03.2024-ലെ ഊർജ്ജ വകുപ്പിന്റെ സർക്കാർ ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ 31.10.2023 വരെയുള്ള വൈദ്യുതി കുടിശ്ശിക തുകയായ 2068.07 കോടി രൂപ (ഒറ്റത്തവണത്തീർപ്പാക്കൽ പദ്ധതി 2023 പ്രകാരമുള്ള പലിശ തുക ഉൾപ്പെടെ) 2024-25 സാമ്പത്തിക വർഷം മുതൽ 206.80 കോടി രൂപ വീതം പത്ത് തുല്യ വാർഷിക ഗഡുക്കളായി കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, കേരള വാട്ടർ അതോറിറ്റി ഒഴികെയുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതു സ്ഥാപനങ്ങൾ എന്നിവയുടെ 31.10.2023 വരെയുള്ള കുടിശ്ശിക തുകയായ 534.84 കോടി രൂപ (ഒറ്റത്തവണത്തീർപ്പാക്കൽ പദ്ധതി 2023 പ്രകാരമുള്ള പലിശ തുക ഉൾപ്പെടെ) കെ.എസ്.ഇ.ബി.എൽ ഡ്യൂട്ടി ഇനത്തിൽ 31.10.2023 വരെ സർക്കാരിന് നൽകാനുള്ള 145.48 കോടി രൂപ, 11/2023 മുതൽ 03/2024 വരെ ഡ്യൂട്ടി ഇനത്തിൽ നൽകാനുള്ള 420 കോടി രൂപ (പ്രൊവിഷണൽ തുക) പോലീസ് വകുപ്പിന് നൽകാനുള്ള 280.04 കോടി രൂപ എന്നിവയുമായി തട്ടിക്കിഴിക്കുന്നതിനായുള്ള അനുമതി 12.03.2024ലെ ധനകാര്യ വകുപ്പിന്റെ സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്.<br><br>മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം 31.10.2023 വരെയുള്ള കുടിശ്ശിക തീർപ്പാക്കിയതിനുശേഷം 31.08.2024 വരെ കെ.എസ്.ഇ.ബി.എൽ-ന് കുടിശ്ശികയിനത്തിൽ സംസ്ഥാന സർക്കാർ |

| | | | |
|---|---|---|---|
| | | | ഓഫീസുകളിൽ നിന്നും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും 605.25 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട് (ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾ പ്രകാരം) പ്രസ്തുത തുകയുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിട്ടുണ്ട് . |
| (ബി) | പ്രസ്തുത കടിശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) | കുടിശ്ശിക പിരിച്ചെടുക്കുന്നതിലേക്കായി സപ്ലൈകോഡ് 2014 റെഗുലേഷൻ 138, 139 പ്രകാരം കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങൾക്ക് (കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകൾ, പോലീസ്, ഗവൺമെന്റ് ആശുപത്രികൾ, കൃഷിഭവൻ ഉപഭോക്താക്കൾ എന്നിവ ഒഴികെ) കുടിശ്ശിക നോട്ടീസുകൾ നൽകുകയും തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും, ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തു വരുന്നു. ഇത് കൂടാതെ വൈദ്യുതി ബോർഡ് കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ കൂടിയും കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. കുടിശ്ശിക വരുത്തുന്ന സർക്കാർ സ്ഥാപനങ്ങളായ ആശുപത്രികൾ, പോലീസ്, പമ്പ് ഹൗസുകൾ, കൃഷിഭവൻ ഉപഭോക്താക്കൾ ഇവയുടെ കണക്ഷൻ വിച്ഛേദിക്കാൻ ഗവൺമെന്റ് കമ്പനിയായ വൈദ്യുതി ബോർഡ് ലിമിറ്റഡിന് പരിമിതിയുള്ളതിനാൽ ഇത്തരം കുടിശ്ശികകൾ സർക്കാർ ഇടപെടലിൽക്കൂടി കാലാകാലങ്ങളിൽ തീർപ്പാക്കി വരുന്നു.<br><br>14/01/2019-ലെ ഊർജ്ജ വകുപ്പിന്റെ സർക്കാർ ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ 30.09.2018 വരെയുള്ള വൈദ്യുതി കുടിശ്ശിക തുകയായ 1,326.69 കോടി രൂപ (6% പലിശ ഉൾപ്പെടെ) 331.67 കോടി രൂപ വീതമുള്ള 4 ഗഡുക്കളായി 2019-20 മുതൽ 4 വർഷമായി തീർപ്പാക്കുകയുണ്ടായി. 12.03.2024-ലെ ഊർജ്ജ വകുപ്പിന്റെ ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ 31.10.2023 വരെയുള്ള വൈദ്യുതി കുടിശ്ശികയും 12.03.2024-ലെ ധനകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതു സ്ഥാപനങ്ങൾ എന്നിവയുടെ 31.10.2023 വരെയുള്ള കുടിശ്ശിക തീർപ്പാക്കിയിട്ടുണ്ട്. 01.11.2023 മുതലുള്ള വാട്ടർ അതോറ്റിയുടെ വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നതിന് Escrow account തുടങ്ങുന്നതിനായി 30.10.2023-ലെ ധനകാര്യ വകുപ്പിന്റെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി |

| | | | | |
|---|---|---|---|---|
| | | | | നൽകിയിട്ടുണ്ടെങ്കിലും കേരള വാട്ടർ അതോറിറ്റി നാളിതുവരെ Escrow account ആരംഭിച്ചിട്ടില്ല. Escrow account ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് കേരളാ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറെ കെ.എസ്.ഇ.ബി.എൽ അറിയിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ തലത്തിലും ഇത് സംബന്ധിച്ച നടപടികൾ നടത്തി വരുന്നു.<br><br>കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിൽ കുടിശ്ശിക പിരിവ് നടത്തുന്നതിന് പല നടപടികളും, സ്വീകരിച്ചിട്ടുണ്ട്. കുടിശ്ശിക തുകയുടെ പലിശയിൽ ഇളവ് നൽകിക്കൊണ്ട് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) നടപ്പിലാക്കി കുടിശ്ശിക പിരിവിന് നടപടി എടുക്കുന്നുണ്ട്. കൂടാതെ, കുടിശ്ശികയുള്ള ഉപഭോക്താക്കളുടെ വൈദ്യുതി വിച്ഛേദിക്കുകയും, കുടിശ്ശിക പിരിവിനായി റവന്യൂ റിക്കവറി നടപടികൾ നടത്തുകയും ചെയ്യുന്നു. ഈ നടപടികൾ വഴി വൈദ്യുതി ബോർഡ് കുടിശ്ശിക പിരിവിൽ ശ്രദ്ധേയമായ പുരോഗതി കൈവരിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

31.10.2023 വരെയുള്ള കുടിശ്ശിക തീർപ്പാക്കിയതിനുശേഷം 31.08.2024 വരെ കെ.എസ്.ഇ.ബി.എൽ-ന് കുടിശ്ശികയിനത്തിൽ സംസ്ഥാന സർക്കാർ ഓഫീസുകളിൽ നിന്നും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും കിട്ടാനുള്ള തുകയുടെ വിശദാംശം

| ഇനം | തുക കോടി രൂപയിൽ |
| --- | --- |
| സംസ്ഥാന സർക്കാർ വകുപ്പുകൾ | 42.47 |
| സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ (കേരള വാട്ടർ അതോറിറ്റി ഒഴികെ) | 166.31 |
| കേരള വാട്ടർ അതോറിറ്റി | 379.73 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 2.99 |
| പൊതു സ്ഥാപനങ്ങൾ | 13.75 |
| **ആകെ** | **605.25** |

സെക്ഷൻ ഓഫീസർ